**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325** **15-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകളുടെയും കുട്ടികളുടെയും വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിനുവേണ്ടി കേന്ദ്ര സർക്കാർ രൂപീകരിച്ച സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം സംസ്ഥാനങ്ങളിൽ പൂർണ്ണമായി നിർത്തലാക്കുന്നതിന് കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം സംസ്ഥാനങ്ങളിൽ പൂർണ്ണമായി നിർത്തലാക്കുന്നതിന് കേന്ദ്ര വനിത-ശിശു വികസന മന്ത്രാലയം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾക്ക് ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണ് എന്ന വിവരം കത്ത് നമ്പർ 20-2/2021/CSWB തീയതി 18.06.2021, F.No 93682/CSWB-13/11/2021/CSWB തീയതി 07.07.2021 എന്നിവ പ്രകാരം അറിയിച്ചിട്ടുണ്ട്. തുടർ പ്രവർത്തനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ തുടർ പ്രവർത്തനവും ബോർഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച തീരുമാനവും കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയത്തെ അറിയിക്കണമെന്ന നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ തുടർപ്രവർത്തനം സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ വനിത ശിശു വികസന ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വന്നിരുന്ന വനിത ശിശു വികസന വകുപ്പിന്റെ പദ്ധതികളായ സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ, സ്വധർ ഹോമുകൾ എന്നിവ സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് ഏറ്റെടുത്തിട്ടുള്ളതുമാണ്. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫാമിലി കൗൺസിലിംഗ് സെന്റർ പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും |

| | | | |
|---|---|---|---|
| | | | തന്നെ കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരേയും ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതി വനിത ശിശു വികസന വകുപ്പ് ഏറ്റെടുത്തിട്ടില്ല. |
| (സി) | സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ നടപ്പിലാക്കേണ്ട പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം കേന്ദ്ര സർക്കാർ നിർത്തലാക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തെ പൂർണ്ണമായും ഏറ്റെടുത്ത് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | same as above (B) |

സെക്ഷൻ ഓഫീസർ